ഭരണഭാഷ-മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**
**dtekerala@gmail.com**
**0471 2561307**

**മേലെഴുത്ത് നമ്പർ:EA2/7730/2025/DTE** **04-11-2025**

യുവജന കമ്മീഷനിൽ നിന്നും യുവാക്കൾക്ക് ലഭിക്കേണ്ട അവകാശ സംരക്ഷം സംബന്ധിച്ചും പ്രശ്നപരിഹാരങ്ങൾ സംബന്ധിച്ചും യുവജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുവാനായി വിദ്യാർത്ഥികളുടെ/ജീവനക്കാരുടെ ശ്രദ്ധ പതിയുന്ന തരത്തിൽ നോട്ടീസ്/സ്റ്റിക്കർ പതിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കേരള സംസ്ഥാന യുവജന കമ്മീഷൻ സെക്രട്ടറിയുടെ കത്തിന്റെ പകർപ്പ് തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

**JAYAPRAKASH P**
**DIRECTOR**

സ്വീകർത്താവ്,
എല്ലാ സ്ഥാപന മേധാവികൾക്കും (ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം)

Signed by
Jayaprakash P
Date: 05-11-2025 11:54:45

HIGHER EDUCATION DEPARTMENT
14 AUG 2025
GOVT. SECRETARIAT. TVPM

ഭരണഭാഷ മാതൃഭാഷ

കേരള സംസ്ഥാന യുവജന കമ്മീഷൻ
വികാസ് ഭവൻ തിരുവനന്തപുരം- 695003
ഫോൺ 0471 2308630 ,0471 2308530
Mail ID- keralayouthcommission@gmail.com

നം.1510/എ3/2023/കേ.സം.യു.ക 12.08.2025

സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ്

സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി
റവന്യു വകുപ്പ്

സെക്രട്ടറി
ഉന്നതവിദ്യാഭ്യാസ വകുപ്പ്

സെക്രട്ടറി
പൊതുമരാമത്ത് വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി
വ്യവസായ വകുപ്പ്

സെക്രട്ടറി
ആഭ്യന്തര വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി
ഗതാഗത വകുപ്പ്

സർ,

വിഷയം : കേരള സംസ്ഥാന യുവജന കമ്മീഷൻ- യുവാക്കൾ കേന്ദ്രീകരിക്കുന്ന സ്ഥലങ്ങളിൽ /സ്ഥാപനങ്ങളിൽ പരാതികൾ സമർപ്പിക്കുന്നതിന് വേണ്ടി കമ്മീഷന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ബോർഡ് വയ്ക്കുന്നതിന് സർക്കാരിന് ശുപാർശ സമർപ്പിക്കുന്നത് -സംബന്ധിച്ച്

സൂചന : 18-07-2025 ലെ കമ്മീഷൻ യോഗത്തിന്റെ നടപടിക്കുറിപ്പ്(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിക്കുന്നു. സംസ്ഥാനത്തെ യുവാക്കളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിനും യുവാക്കളുടെ അവകാശങ്ങളുടെ സംരക്ഷകരായി വർത്തിക്കുന്നതിനുമായി നിയമം വഴി രൂപീകരിച്ചിട്ടുള്ള സ്ഥാപനമാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ.

യുവാക്കളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയും അവർക്കെതിരെയുള്ള ചൂഷണത്തിനെതിരെയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും യുവാക്കളുടെ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതായി പറയുന്ന പരാതികളിന്മേലും, കമ്മീഷന് പ്രഥമ ദൃഷ്ട്യാ ബോധ്യമാകുന്ന പ്രശ്നങ്ങളിന്മേലും സ്വമേധയാ അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട് അധികാര സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരികയും

നടപടികൾക്ക് ശുപാർശചെയ്യുക എന്നതും കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റ് പ്രകാരം കമ്മീഷന്റെ ചുമതലയാണ്. യുവാക്കളിൽ നിന്നു ലഭിക്കുന്ന പരാതികളിന്മേൽ കമ്മീഷൻ ഉചിതമായ നടപടികൾ സ്വീകരിക്കുകയും പരാതികൾ സമയ ബന്ധിതമായി തീർപ്പ് കൽപ്പിക്കുകയും ചെയ്യുന്നുണ്ട്. കമ്മീഷനിൽ നിന്നും യുവാക്കൾക്ക് ലഭിക്കേണ്ട അവകാശ സംരക്ഷണം സംബന്ധിച്ചും പ്രശ്ന പരിഹാരങ്ങൾ സംബന്ധിച്ചും പരമാവധി യുവജനങ്ങൾക്കിടയിൽ അവബോധം ഉണ്ടാക്കുവാൻ കമ്മീഷൻ ലക്ഷ്യമിടുന്നു. അതിനായി യുവജനങ്ങളുടെ പ്രാതിനിധ്യം കൂടുതലുള്ള സ്ഥലങ്ങളിൽ അതായത് സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ ഇതോടൊപ്പം കൊടുത്തിരിക്കുന്ന മാതൃകയിൽ യുവജന കമ്മീഷന്റെ വിലാസവും ഫോൺ നമ്പരും ഉൾപ്പെടുത്തി ഒരു നോട്ടീസ്/സ്റ്റിക്കർ പതിക്കുന്നത് ആവശ്യമാണെന്ന് കമ്മീഷൻ വിലയിരുത്തുകയും കമ്മീഷൻ യോഗത്തിൽ ഇതിനായി തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും, 10 ൽ കൂടുതൽ യുവാക്കൾ ജോലി ചെയ്യുന്ന എല്ലാ തൊഴിലിടങ്ങളിലും (അക്ഷയ കേന്ദ്രങ്ങൾ ഉൾപ്പെടെ), വിദ്യാർത്ഥികളുടെ/ ജീവനക്കാരുടെ ശ്രദ്ധ പതിയുന്ന തരത്തിൽ ഇതോടൊപ്പമുള്ള മാതൃകയിൽ നോട്ടീസ്/സ്റ്റിക്കർ പതിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു. പ്രദർശിപ്പിക്കേണ്ട നോട്ടീസിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി i/c
ജയകുമാർ കെ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി)

പകർപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി
കായിക യുവജനകാര്യ (ബി) വകുപ്പ്

## പ്രദർശിപ്പിക്കേണ്ട ബോർഡിന്റെ മാതൃക

തൊഴിലിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ സമൂഹത്തിന്റെ വിവിധ മേഖലയിൽ യുവജനങ്ങൾക്ക് നീതി നിഷേധമോ അവകാശലംഘനമോ ഉണ്ടായാൽ പരാതിയുമായി സമീപിക്കാം.

**കേരള സംസ്ഥാന യുവജന കമ്മീഷൻ**

**വികാസ് ഭവൻ തിരുവനന്തപുരം- 695 003**

**ഫോൺ 0471 2308630, 0471 2308530**

ഇ മെയിൽ ID keralayouthcommission@gmail.com

നിയമസഹായത്തിനായി 1800 123 5310 എന്ന നമ്പറിൽ ബന്ധപ്പെടുക

sd/-
**ചെയർമാൻ**

sd/-
**സെക്രട്ടറി**

## പ്രദർശിപ്പിക്കേണ്ട ബോർഡിന്റെ മാതൃക

തൊഴിലിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ സമൂഹത്തിന്റെ വിവിധ മേഖലയിൽ യുവജനങ്ങൾക്ക് നീതി നിഷേധമോ അവകാശലംഘനമോ ഉണ്ടായാൽ പരാതിയുമായി സമീപിക്കാം.

**കേരള സംസ്ഥാന യുവജന കമ്മീഷൻ**

**വികാസ് ഭവൻ തിരുവനന്തപുരം- 695 003**

**ഫോൺ 0471 2308630, 0471 2308530**

ഇ മെയിൽ ID keralayouthcommission@gmail.com

നിയമസഹായത്തിനായി 1800 123 5310 എന്ന നമ്പറിൽ ബന്ധപ്പെടുക

sd/-
**ചെയർമാൻ**

sd/-
**സെക്രട്ടറി**